**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 429 — **21-10-2016 ൽ മറുപടിയ്ക്ക്**

# വിഴിഞ്ഞം ഉറമുഖ നിർമ്മാണ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ :<br>ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. കെ.രാജൻ :<br>ശ്രീ. മുഹമ്മദ് മുഹസിൻ.പി : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം ഉറമുഖ നിർമ്മാണ നടപടികൾ കാര്യക്ഷമമായി പുരോഗമിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) 2015 ഡിസംബർ 5 ന് ആരംഭിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണ നടപടികൾ കാര്യക്ഷമമായി പുരോഗമിക്കുന്നു. മണ്ണു പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം എന്നിവ പൂർത്തിയായി. കൂടാതെ ഭാഗികമായുള്ള dredging & reclamation, 3100 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം എന്നിവ പുരോഗമിക്കുന്നു. ഇതിൽ ബ്രേക്ക് വാട്ടറിന്റെ 400 മീറ്റർ നീളത്തിലുള്ള കോർ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു. |
| (ബി) വിഴിഞ്ഞം ഉറമുഖത്തിനുള്ള ഭൂമിയേറ്റെടുപ്പ് പൂർത്തിയായോ; ഉറമുഖ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഇപ്പോൾ എടുത്തതിനേക്കാൾ കൂടുതൽ ഭൂമി വേണ്ടി വരുമോ ; വിശദമാക്കുമോ? | (ബി) ഇല്ല. തുറമുഖത്തിനും അനുബന്ധ വികസനമായ മത്സ്യ സംസ്കരണ പാർക്കിനും വേണ്ടി കണക്കാക്കിയിട്ടുള്ള മൊത്തം ഭൂമി 96.89 ഹെക്ടർ ആണ്. ഇതിൽ 88.48 ഹെക്ടർ ഭൂമിയുടെ ഏറ്റെടുക്കൽ പൂർത്തിയായി കഴിഞ്ഞു. ബാക്കി ഭൂമിയുടെ നോട്ടിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.<br>ഇതു കൂടാതെ റെയിൽ കണക്റ്റിവിറ്റിക്ക് വേണ്ടി കൂടുതൽ ഭൂമി ആവശ്യമാണ്. റെയിൽ കണക്റ്റിവിറ്റി സംബന്ധിച്ച വിശദ പഠന റിപ്പോർട്ട് പൂർത്തിയാക്കുന്ന മുറയ്ക്ക് എത്രഭൂമി വേണ്ടിവരുമെന്ന് കൃത്യമായി കണക്കാക്കി നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**